(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-14/1493/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:30.12.2016

Ph:04862-227332
doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ദേവികുളം ഗ്രാമപഞ്ചായത്ത് -2015-16ലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/1493/2016

തീയതി:30.12.2016

# ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് മുതൽ 31.10.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ് മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2016 മുതൽ 25.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം കെ മധുസൂധനൻ നായർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ ആർ സാമുവൽ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോമോൻ ഫ്രാൻസീസ്, ഓഡിറ്റർ |

| നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി കവിത ശ്രീകുമാർ | 01.4.2015 മുതൽ 31.10.2015 വരെ |
| | ശ്രീ എം ഗോവിന്ദസ്വാമി | 9.11.2015 മുതൽ 31.3.2015 വരെ |
| സെക്രട്ടറി | ശ്രീ എസ്സ് വിനുകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സനി എം.നായർ | 1.4.15 മുതൽ 31.3.16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ അർച്ചന എസ്സ് | 1.4.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ രജനി മാത്യൂസ് | 1.4.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ദീപ്തി കെ എച്ച് | 1.4.15 മുതൽ 31.3.16വരെ |
| വെറ്ററിനറി സർജൻ | ഡോ. അനുമോദ് എൻ | 1.4.2015 മുതൽ 29.12.15 വരെ |
| | ഡോ രാഹുൽ എസ്സ് | 30.12.15 മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ | ശ്രീ അനിൽ ജോൺ | 1.4.15 മുതൽ 31.3.16വരെ |
| ഹെഡ് മാസ്റ്റർ ഗവ. യുപി സ്കൂൾ | ശ്രീ പരമശിവൻ യു | 1.4.15 മുതൽ 31.3.16വരെ |
| കൃഷി ഓഫീസർ | | |
| ഐ.സി.ഡി എസ്സ് സൂപ്പർവൈസർ | ശ്രീമതി പി എം തുളസ്സി | 1.4.15 മുതൽ 30.8.16 വരെ |
| | ശ്രീമതി ഗ്രേസി കുര്യാക്കോസ് | 1.9.16 മുതൽ 31.3.2016 വരെ |
| വി. ഇ. ഒ | ശ്രീ റെജിമോൻ പി കെ | 1.4.15 മുതൽ 4.11.15 വരെ |
| | ശ്രീ ജോജോ സേവ്യർ | 5.11.15 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സൺമൂൺ വാലി (അമ്യൂസ്മെന്റ് പാർക്ക്) നികുതി ഒടുക്കുന്നില്ല ലക്ഷങ്ങളുടെ നഷ്ടം | 2-1 |
| 14 | വാടക കടിശ്ശിക ഈടാക്കിയിട്ടില്ല, വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 15 | പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത പോളിംഗ് സ്റ്റേഷനിൽ റാമ്പ് നിർമിച്ചു. ചെലവു തടസ്സപ്പെടുത്തുന്നു ₹ 44000/- | 3-1 |
| 16 | ഖരമാലിന്യ സംസ്കരണം പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് | 3-2 |
| 17 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി നഷ്ടം ₹ 38867/- | 3-3 |
| 18 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിലെ അപാകതകൾ | 3-4 |
| 19 | ഡി.റ്റി.പി.സി. ക്ലീനിംഗ് തൊഴിലാളികൾക്ക് കൂലി നൽകിയത് സംബന്ധിച്ച് | 3-5 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 3-6 |
| 21 | 2015-16 വർഷം ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല. | 3-7 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.3.2016 ലെ കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 27.02.2015 ലെ സ.ഉ (സാധാ).40/2015/ ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 30.3.2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.6.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 30810421 |
| വരവ് | 69248064 |

| | |
|---|---|
| ആകെ | 100058485 |
| ചെലവ് | 78587366 |
| നീക്കിബാക്കി | 21471119 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3694279 | 1954113 | 23235409 | 9430742 | 40.58 |
| വികസന ഫണ്ട്(എസ്.സി.പി) | 274345 | 30656433 | 30930778 | 25297058 | 81.78 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 512000 | 512000 | 488000 | 95.31 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 587506 | 674000 | 1261506 | 1261506 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3334238 | 3304000 | 6638238 | 2660838 | 40.08 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5772397 | 4776103 | 10548500 | 7221495 | 68.45 |
| ലോക ബാങ്ക് സഹായം | 3401000 | 0 | 3401000 | 3256974 | 95.76 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 165 | 117 | 0 | 48 | 70.9 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3155300 | 6722090 | 3566790 | + 113 |
| നികുതിയേതര വരവുകൾ | 282011 | 452996 | 170985 | + 60.6 |
| മറ്റ് വരവുകൾ | 84177 | 169814 | 85637 | + 101.7 |
| ആകെ | 3521488 | 11421900 | 7900412 | + 224.3 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | - | - |

| | | | |
|---|---|---|---|
| 2 | തൊഴിൽ രഹിത വേതനം | - | - |
| 3 | വിധവാ പെൻഷൻ | 137 | 137 |
| 4 | വികലാംഗ പെൻഷൻ | 30 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 376 | 376 |

വികലാംഗ പെൻഷൻ അപേക്ഷകളിൻമേൽ സമയബന്ധിതമായി പരിശോധന നടത്തി പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.10.2016-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 9.5.2016–11.5.2016 | 2016 മാർച്ച് | 3.9.2016 | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 5.3.2015–19.3.2015 | 2009-10 to 2013-14 | 5.6.2015 | - |

## 1-11 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല
2. ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല
3. കിട്ടാക്കടം എഴുതിത്തള്ളുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല
4. ട്രഷറി അക്കൌണ്ടുകൾ റിക്കൺസിൽ ചെയ്തിട്ടില്ല
5. ട്രഷറി സ്റ്റേറ്റ്മെന്റുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല
6. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല
7. ബാങ്ക് അക്കൌണ്ടുകൾ റിക്കൺസിൽ ചെയ്തിട്ടുണ്ടെങ്കിലും സെക്രട്ടറി അക്കൌണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സൺമൂൺ വാലി (അമ്യൂസ്മെന്റ് പാർക്ക്) നികുതി ഒടുക്കുന്നില്ല- ലക്ഷങ്ങളുടെ നഷ്ടം

സൺമൂൺ വാലി എന്ന പേരിൽ റോപ് വേ, ഡി.റ്റി.പി.സി, കെ.എസ്.ഇ.ബി എന്നിവയുടെ നേതൃത്വത്തിൽ ബോട്ടിംഗ്, മറ്റ് വിവിധ വിനോദ/സാഹസിക റൈഡുകൾ, ഹോട്ടൽ, ഐസ്ക്രീം പാർലർ എന്നിവയോടുകൂടി അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നതായി നേരിട്ട് നടത്തിയ പരിശോധനയിൽ വ്യക്തമായി. എന്നാൽ, സ്ഥാപനം നാളിതുവരെയായും വസ്തു നികുതി, ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് പ്രകാരമുള്ള എന്റർടെയിൻമെന്റ് ടാക്സ് എന്നിവ ഒടുക്കിയിട്ടില്ലാത്തതുമാകുന്നു. മൂന്നാർ മേഖലയിലെത്തുന്ന നിരവധി വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന ഈ അമ്യൂസ്മെന്റ് പാർക്ക് യാതൊരുവിധ നികുതികളും ഒടുക്കാതെ അനധികൃതമായാണ് പ്രവർത്തിച്ചു വരുന്നത്.

മേൽ ചട്ടങ്ങളിലെ ചട്ടം 3(ബി) പ്രകാരം എന്റർടെയിൻമെന്റ് ടാക്സ് നിർണ്ണയിക്കുകയോ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയിതിട്ടില്ല. ചട്ടം 3(ബി) പ്രകാരം ഏറ്റവും കുറഞ്ഞ ഫീസ് മൂന്ന് ലക്ഷം (3,00,000) രൂപ എന്നു കണക്കാക്കിയാൽ പോലും ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഓരോ വർഷവും ഉണ്ടാകുന്നത്.

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 243 ഉപവകുപ്പ് (2) പ്രകാരം "ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെ ഇതിന് വിരുദ്ധമായി എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രകാരം ചുമത്തപ്പെടുന്ന ഏതെങ്കിലും നികുതിയോ ഫീസോ കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഒരാൾ ഏതെങ്കിലും കാരണത്താൽ നികുതി ചുമത്തലിൽ നിന്നു രക്ഷപെട്ടെങ്കിൽ സെക്രട്ടറിക്ക്, അങ്ങനെയുള്ള ആൾക്ക് നികുതി ചുമത്തേണ്ടിയിരുന്ന തീയതി മുതൽ നാല് വർഷത്തിനുള്ളിൽ ഏത് സമയത്തും, കിട്ടേണ്ട ഫീസോ നികുതിയോ തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരു നോട്ടീസ് കൊടുക്കാവുന്നതും അങ്ങനെ നോട്ടീസ് കൊടുക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം പണമടയ്ക്കാൻ ആവശ്യപ്പെടാവുന്നതും അതിനുശേഷം ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ, അങ്ങനെയുള്ള നികുതിയോ ഫീസോ യഥാസമയം തിട്ടപ്പെടുത്തിയിരുന്നാലെന്നപോലെ, ബാധകമാകുന്നതാണ്" എന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രവർത്തനം തുടങ്ങിയ ദിവസം മുതൽ പഞ്ചായത്തിന് ലഭിക്കേണ്ട വിവിധ നികുതികൾ തിട്ടപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1) നൽകിയ മറുപടിയിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല, വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

2015-16 വർഷത്തിൽ താഴെ പറയുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | മുറി നം | മാസ വാടക | ആകെ വാടക | ഒടുക്കിയത് | ബാക്കി |
|---|---|---|---|---|---|---|
| 1 | സുശീല, മാട്ടുപ്പെട്ടി | പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ് | 180 | 2160 | 0 | 2160 |
| 2 | വിനോദ്കുമാർ | ,, | 257 | 3084 | 2313 | 771 |
| 3 | രാമരാജ് | ,, | 237 | 2844 | 0 | 2844 |
| 4 | ജി അളഗർ | ,, | 255 | 3060 | 2550 | 510 |

| | | | | | | |
|---|---|---|---|---|---|---|
| | സ്വാമി | | | | | |
| ആകെ | | | | | | 6285 |

വാടക ഈടാക്കാത്തതിനും എഗ്രിമെന്റ് ചമയ്ക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത പോളിംഗ് സ്റ്റേഷനിൽ റാമ്പ് നിർമിച്ചു.ചെലവു തടസ്സപ്പെടുത്തുന്നു ₹44000/-

പ്രോജക്ട് നമ്പർ 202/16 ബിൽ നം.45/31.3.16 ₹88000/-(വികസന ഫണ്ട്- പൊതു വിഭാഗം)

നിയമസഭാ പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി പോളിംഗ് സ്റ്റേഷനുകളായിരുന്ന ദേവികുളം യു.പി സ്കൂളിലും ചെണ്ടുവരൈ ഗവ. ഹയർ സെക്കൻഡറി സ്കൂളിലും റാമ്പ് നിർമിച്ചതിന് ₹ 88000/- ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ 26.3.16-ലെ ഇ4/2963/2016 നമ്പർ കത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്കൂളുകളിലും പ്രവർത്തിക്കുന്ന പോളിംഗ് ബൂത്തുകളിൽ അതാത് തദ്ദേശ സ്ഥാപനങ്ങൾ റാമ്പ് നിർമിക്കുവാനാണ് നിർദേശിച്ചിരിക്കുന്നത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കിയുടെ 26.03.16-ലെ സി4-2299/16 നമ്പർ കത്തിലും ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ളതോ വിട്ടുകിട്ടിയതോ ആയ സ്ഥാപനങ്ങളിൽ റാമ്പ് നിർമിക്കുവാനാണ് നിർദേശിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചെണ്ടുവരൈ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഗ്രാമപഞ്ചായത്ത് റാമ്പ് നിർമ്മിച്ചത് അനുവദനീയമല്ല. ഇവിടെ റാമ്പ് നിർമ്മിക്കുവാൻ ചെലവഴിച്ച ₹ 44000/- ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 3-2 ഖരമാലിന്യ സംസ്കരണം പദ്ധതിയിലെ അപാകതകൾ -നഷ്ടം ₹1,59,300/-, തടസ്സം ₹64,21,969/-

1. 1. ഖരമാലിന്യ സംസ്കരണം

   2. ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി W-Tech എന്ന ഏജൻസിക്ക് താഴെപറയുന്ന വൗച്ചറുകൾ പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| മാസം | വൗച്ചർ നം./തീയതി | നൽകിയ തുക (₹) |
|---|---|---|
| 04/15 | 21500017/10.04.15 | 3,65,650 |
| 05/15 | 21500104/11.05.15 | 4,13,809 |
| 06/15 | 21500177/05.06.15 | 4,35,900 |
| 07/15 | 21500220/01.07.15 | 4,32,620 |

| | | |
|---|---|---|
| 08/15 | 21500315/05.08.15 | 4,56,164 |
| | 21500360/19.08.15 | 1,09,000 |
| 09/15 | 21500399/07.09.15 | 3,59,536 |
| 10/15 | 21500427/03.10.15 | 4,77,550 |
| 11/15 | 21500501/06.11.15 | 4,89,150 |
| 12/15 | 21500563/04.12.15 | 4,83,700 |
| 01/16 | 21500625/07.01.16 | 3,18,744 |
| 02/16 | 21500699/24.02.16 | 5,00630 |
| 03/16 | 21500766/10.03.16 | 3,52,650 |
| കുടിശ്ശിക തുക | | |
| 12/2013 | 21500258/21.07.15 | 299316 |
| 01/2014 | 21500259/21.07.15 | 3,65,416 |
| 02/2014 | 21500268/28.07.15 | 3,47,943 |
| ആകെ | | 65,81,269 |

2015-16 വർഷങ്ങളിലെ വൗച്ചറുകളിൽ നിന്നാണ് മേൽ കൊടുത്തിരിക്കുന്ന ചെലവു വിവരങ്ങൾ, ലഭിച്ചിട്ടുള്ളത്. പദ്ധതി ഫയലുകളിൽ വരവ്-ചെലവുകൾ സംബന്ധിച്ച് യാതൊരു രേഖയുമില്ല. പദ്ധതി നടത്തിപ്പിന് ദേവികുളം ഗ്രാമപഞ്ചായത്തും ഡബ്ല്യൂ-ടെക്ക് എന്ന കമ്പനിയുമായി 1.4.2013 ൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ഫയലിൽ രേഖയുണ്ട്. കരാർ പ്രകാരം പദ്ധതി കാലയളവ് 1.4.2013 മുതൽ 31.3.2018 വരെയുള്ള 5 വർഷക്കാലമാണ്. ഈ പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. (പദ്ധതിയുടെ ഫയലുകളിൽ വരവു-ചെലുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 2015-16 വർഷങ്ങളിലെ വൗച്ചറുകളിൽ നിന്നാണ് മേൽ കൊടുത്തിട്ടുള്ള ചെലവു വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്)

1. 1.36 കോടി അടങ്കലുള്ള പദ്ധതിക്ക് നിയമാനുസൃത ടെൻഡർ ക്ഷണിച്ചിട്ടില്ല.
2. ഖരമാലിന്യ സംസ്കരണം എന്ന പദ്ധതി W-Tech എന്ന കമ്പനിയാണ് നടത്തുന്നത്. എന്നാൽ കമ്പനി സർക്കാർ അംഗീകാരം ഉള്ളതാണന്നോ ഖരമാലിന്യ നിർമ്മാർജ്ജനത്തിൽ പ്രാവീണ്യം ഉള്ളവരാണെന്നോ വ്യക്തമാക്കത്തക്ക

രേഖകൾ ഇല്ല.

3. കരാർ പ്രകാരം ദിനംപ്രതി എത്തിക്കുന്ന ഖരമാലിന്യങ്ങൾ,പ്ലാസ്റ്റിക്ക് എന്നിവ തരം തിരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടത് കമ്പനിയുടെ മുഖ്യ ചുമതലയാണ്. എന്നാൽ സ്ഥല പരിശോധനയിൽ മാലിന്യങ്ങൾ തരം തിരിക്കുകയോ നിർമ്മാർജ്ജനം ചെയ്യുകയോ ചെയ്യാതെ കുമിഞ്ഞു കൂടി ദുർഗന്ധം വമിക്കുന്ന അവസ്ഥയിലാണ് ഉള്ളത്.
4. കരാർ വ്യവസ്ഥ 3, 6 എന്നിവ പ്രകാരം പഞ്ചായത്തിൽ നിലവിൽ മാലിന്യശേഖരത്തിന് ഉപയോഗിക്കുന്ന വാഹനം ഉപയോഗിക്കുകയാണെങ്കിൽ ഡ്രൈവറുടെ വേതനം, ഇന്ധനച്ചെലവ് എന്നിവ കമ്പനി തന്നെ വഹിക്കണം. എന്നാൽ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ മാലിന്യ ശേഖരണത്തിനായി പഞ്ചായത്ത് വക ടിപ്പർ ലോറി ഡ്രൈവറുടെ വേതനമായി ₹1,59,300/- തനതു ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. ഈ തുക അടിയന്തിരമായി W Tech പക്കൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ₹1,59,300/-ന്റെ നഷ്ടം കാരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പണം നൽകുന്നതിന് ഇടയാക്കിയ സെക്രട്ടറി പക്കൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഡ്രൈവർക്ക് വേതനം നൽകിയതിന്റെ വിശദാംശങ്ങൾ (പദ്ധതിയുടെ ഫയലിൽ വിവരങ്ങൾ ലഭ്യമല്ല. 2015-16 വർഷത്തെ വൗച്ചറുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നു.)

| ക്രമ നം. | മാസം | വൗച്ചർ നം. | തീയതി | തുക ₹ |
|---|---|---|---|---|
| 1 | 4/2015 | 21500006 | 6.4.15 | 13950 |
| 2 | 5/2015 | 21500088 | 4.5.15 | 13500 |
| 3 | 6/2015 | 21500156 | 2.6.15 | 13950 |
| 4 | 7/2015 | 21500216 | 1.7.15 | 13500 |
| 5 | 8/2015 | 21500300 | 1.8.15 | 13950 |
| 6 | 9/2015 | 21500397 | 3.9.15 | 13500 |
| 7 | 10/2015 | 21500442 | 5.10.15 | 13050 |
| 8 | 11/2015 | 21500493 | 4.11.15 | 13950 |
| 9 | 12/2015 | 21500550 | 2.12.15 | 13500 |
| 10 | 1/2016 | 21500616 | 1.1.16 | 13950 |
| 11 | 2/2016 | 21500679 | 3.2.16 | 13950 |
| 12 | 3/2016 | ലഭ്യമല്ല | | 8550 |

| | |
|---|---|
| ആകെ | 1,59,300 |

ഖരമാലിന്യ സംസ്കരണം പദ്ധതിയുടെ നടത്തിപ്പിന് W-Tech എന്ന കമ്പനിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമായിട്ടില്ലാത്തതിനാലും, പദ്ധതിയുടെ വരവ്- ചെലവുകൾ സംബന്ധിച്ച് വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാലും പൂർണ്ണമായ പരിശോധന സാധിച്ചിട്ടില്ല. ആയതിനാൽ ലഭ്യമായ വിവരങ്ങൾ പ്രകാമുള്ള ₹64,21,969/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർണ്ണമായ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മുൻ റിപ്പോർട്ടിലും ഇതു സംബന്ധിച്ച് വിശദമായ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട് എങ്കിലും അപാകതകൾ പരിഹരിക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 3-3 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി നഷ്ടം ₹ 38867/-

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിനു മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ ഇനം 4.1.3 പ്രകാരം കൺവീനർക്ക് ₹7062/എം3 നിരക്കാണ് നൽകേണ്ടത്. എന്നാൽ താഴെ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ ഇനം 11.7 അനുസരിച്ചുള്ള സി.സി 1:2:4 ന മുകളിൽ മിനുക്കു പണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനുള്ള നിരക്കായ

₹ 7440.40/എം3 ആണ് നൽകിയിരിക്കുന്നത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് നം./കൺവീനറുടെ പേര്/അടങ്കൽ ബിൽ നം & തുക | സി.സി 1:2:4 ചെയ്ത അളവ് എം3 | ₹ 7440.40/എം3 നിരക്കിൽ നൽകിയ തുക | ₹ 7062/എം3നിരക്കിൽ നൽകാവുന്ന തുക | എ.എസിൽ പരിമിതപ്പെടുത്തുന്നതിന് കുറച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1) | ബെൻമൂർ ഡിവിഷൻ മുരുകൻ വീട് റോഡ് പ്രോ.നം 59/16 | 197/15-16 സുബ്രമണ്യൻ 499900/- 12/30.10.15 497220 | 26.87 | 199923.55 | 189756 | | 10168 |
| 2) | ഗുണ്ടുമല ടോപ്പ് ഡിവിഷൻ റോഡ് 138/16 | 194/15-16 ശിവകുമാർ 450000/- 13/30.10.15 450000 | 26.70 | 198659 | 188555 | | 10104 |
| 3) | ചെണ്ടുവര ടോപ്പ് ഡിവിഷൻ | 139/15-16 മുരുകദാസ് | 12.50 | 93005 | 88275 | | 4730 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ക്രഷ് റോഡ്<br>64/16 | 250000/-<br>27/22.12.15<br>250000/- | | | | | |
| 4) | ഗുഢാർവിള<br>ഫാക്ടറി<br>ഡിവിഷൻ<br>റോഡ്<br>85/16 | 482/15-16<br>പാൽപ്പാണ്ടി<br>499900/-<br>39/19.2.16<br>499900/- | 16.03 | 119263 | 113204 | | 6059 |
| 5) | പുതുക്കടി<br>ഡിവിഷൻ<br>റോഡ്<br>165/16 | 540/15-16<br>സെന്തിൽകുമാർ<br>415857/-<br>40/19.2.16<br>415857/- | 20.63 | 153495/- | 145689 | | 7806 |
| | | | | | | ആകെ | 38867 |

അധികം നൽകിയ ₹38867/-എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എൻജിനീയർ എസ്റ്റിമേറ്റ് അംഗീകരി അസി.എക്സി.എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിലെ അപാകതകൾ

23.3.1997 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.13/97/പവർ ഡിപ്പാർട്ട്മെന്റ് പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുക, കേടായ ഉപകരണങ്ങൾ മാറ്റുക തുടങ്ങിയ ജോലികൾ എല്ലാം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചുമതലയായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതും അതിന്റെ ചെലവുകൾ വഹിക്കുന്നതും പഞ്ചായത്താണ്. 2015-16 വർഷത്തിൽ ഈ ഇനത്തിൽ ₹2,53,450/- താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1. | തെരുവുവിളക്കുകളുടെ പരിപാലനത്തിന് ഒരു ഇലക്ട്രീഷ്യനെ<br>ദിവസ വേതനത്തിൽ നിയമിച്ചത്. | 1,34,800 |
| 2. | ഇലക്ട്രീഷ്യനെ സഹായിക്കാൻ നിയമിച്ച ഹെൽപ്പറുടെ | 1,18,650 |

| | | |
|---|---|---|
| | വേതനം | |
| | ആകെ | 2,53,450 |

കാലാകാലങ്ങളായി പഞ്ചായത്ത് ഈ ഇനത്തിൽ ഭീമമായ തുക ചെലവിടുന്നുണ്ട്. ദേവികുളം ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗവും സംസ്ഥാന സർക്കാർ തേയില കമ്പനി ഉടമകൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതിനാൽ ഈ പ്രദേശത്തെ വൈദ്യുതിയുടെ വിതരണവും നിയന്ത്രണവും കമ്പനികൾ തന്നെയാണ് നടത്തുന്നത്. വൈദ്യുതി ബോർഡ് ഏറ്റെടുക്കേണ്ട ഇത്തരം ചെലവുകൾ പഞ്ചായത്തിന് വഹിക്കേണ്ടിവരുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി കമ്പനിമാനേജ്മെന്റോ, വൈദ്യുതി ബോർഡോ ഏറ്റെടുക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-5 ഡി.റ്റി.പി.സി. ക്ലീനിംഗ് തൊഴിലാളികൾക്ക് കൂലി നൽകിയത് സംബന്ധിച്ച്- തടസ്സം ₹504000/-

ഡി.റ്റി.പി.സി. ക്ലീനിംഗ് തൊഴിലാളികൾ 7 പേർക്ക് ₹6,000 നിരക്കിൽ പ്രതിമാസം ₹42,000/- (1 വർഷം ₹5,04,000-) ശുചീകരണത്തിനുള്ള കൂലിയായി നൽകിയിരിക്കുന്നു. ഈ തുക ഡി.റ്റി.പി.സി. യിൽ നിന്നും തിരികെ ലഭ്യമാക്കണമെന്നിരിക്കെ തൻവർഷം ചെലവാക്കിയ ₹5,04,000/- നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. കൂടാതെ മാലിന്യ സംസ്കരണത്തിനായി W.Tech എന്ന സ്ഥാപനത്തിന് 2015-16 വർഷം പഞ്ചായത്തിൽ നിന്നും ₹65,81,269/- നൽകിയിരിക്കുന്ന അവസരത്തിൽ തനത് ഫണ്ടിൽ നിന്നും ഇത്രയും തുക ശുചീകരണത്തിനു വേണ്ടി വീണ്ടും നൽകിയിരിക്കുന്നത് അംഗീകരിക്കുന്നതല്ല.

| ക്രമ നം. | മാസം | വൗച്ചർ നം. | തീയതി | തുക₹ |
|---|---|---|---|---|
| 1 | 4/2015 | 21500007 | 6.4.15 | 42,000 |
| 2 | 5/2015 | 21500089 | 4.5.15 | 42,000 |
| 3 | 6/2015 | 21500157 | 2.6.15 | 42,000 |
| 4 | 7/2015 | 21500217 | 1.7.15 | 42,000 |
| 5 | 8/2015 | 21500301 | 1.8.15 | 42,000 |
| 6 | 9/2015 | 21500398 | 3.9.15 | 42,000 |
| 7 | 10/2015 | 21500441 | 5.10.15 | 42,000 |
| 8 | 11/2015 | 21500492 | 4.11.15 | 42,000 |
| 9 | 12/2015 | 21500550 | 2.12.15 | 42,000 |
| 10 | 1/2016 | 21500615 | 1.1.16 | 42,000 |

| | | | | |
|---|---|---|---|---|
| 11 | 2/2016 | 21500679 | 3.2.16 | 42,000 |
| 12 | 3/2016 | ലഭ്യമല്ല | | 42,000 |
| ആകെ | | | | 5,04,000 |

അപാകതകളുടെ അടിസ്ഥാനത്തിൽ ₹5,04,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലനം (SLBP) |
| പദ്ധതി നം. | 36/15-16 |
| അടങ്കൽ | 6,25,000/- |
| ബില്ല് നം./തീയതി/തുക | 01/15-16 തി.24.3.16 ₹156250/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

25 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന ഈ പദ്ധതിയ്ക്കായി മേൽ സൂചിത ബില്ല് പ്രകാരം ₹1,56,250 പിൻവലിച്ച് 24.3.15 ൽ ഡി.ഡി. നം 962425 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ,എ.എച്ച്. ഇടുക്കി-ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പിലാക്കി യിട്ടില്ല. പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ തുക തിരികെ സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-7 2015-16 വർഷം ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല.

2015-16 വർഷം ആശ്രയ പദ്ധതിക്കുവേണ്ടി (പദ്ധതി നമ്പർ-28/15-16) പദ്ധതി ആവിഷ്കരിച്ച് ₹5,97,039അടങ്കൽ തുക ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി "ആശ്രയ" പ്രോജക്ട് നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമായിരിക്കെ തൻവർഷം ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഭൂരഹിതർക്ക് ഭൂമി, ഭവനം, ഭവന മെയിന്റനൻസ്, ഭക്ഷണം, വിദ്യാഭ്യാസം, സ്വയം തൊഴിൽ സഹായം എന്നിവയുടെ ആവശ്യത്തിനായി 52 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും (2013-16 ലെ റിപ്പോർട്ട്) തൻവർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ -ആശ്രയ പ്രോജക്ട് 2013-16 വർഷം തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ളത്

| | | |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | : | 52 |
| പ്രോജക്റ്റ് പ്രകാരം വീട് ആവശ്യമുള്ളവർ | : | 17 |
| ലഭിച്ചവർ | : | ഇല്ല |

| | | |
|---|---|---|
| പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസ് ആവശ്യമുള്ളവർ | : | 4 |
| പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസ് ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം ഭക്ഷണം ആവശ്യമുള്ളവർ | : | 52 |
| പ്രോജക്ട് പ്രകാരം ഭക്ഷണം ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം ചികിത്സ ആവശ്യമുള്ളവർ | : | 44 |
| പ്രോജക്ട് പ്രകാരം ചികിത്സ ലഭിച്ചവർ | : | 1 (1x1500=1500) |
| പ്രോജക്ട് പ്രകാരം വിദ്യാഭ്യാസം ആവശ്യമുള്ളവർ | : | 2 |
| പ്രോജക്ട് പ്രകാരം വിദ്യാഭ്യാസം ലഭിച്ചവർ | : | 1 (5,000) |
| പ്രോജക്ട് പ്രകാരം പെൻഷൻ ആവശ്യമുള്ളവർ | : | 50 |
| പ്രോജക്ട് പ്രകാരം പെൻഷൻ ലഭിച്ചവർ | : | 31 (₹400 / മാസം)<br>1 മാസം മാത്രം |
| പ്രോജക്ട് പ്രകാരം വീൽചെയർ ആവശ്യമുള്ളവർ | : | 7 |
| പ്രോജക്ട് പ്രകാരം വീൽചെയർ ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം സ്വയംതൊഴിൽ സഹായം ആവശ്യമുള്ളവർ | : | 4 |
| പ്രോജക്ട് പ്രകാരം സ്വയംതൊഴിൽ സഹായം ലഭിച്ചവർ | : | ഇല്ല |

പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | കുട്ടിയാർ വാലി എസ്സ് സി കോളനി ഇലടിക് ലൈൻ എക്സ്റ്റൻഷന വേണ്ടി വിഹിതമടയ്ക്കൽ | 26/2016 | 1450000 | 1450000 | എസ്റ്റിമേറ്റ് തുകയിൽ ആദ്യ ഘട്ടമെന്ന നിലയിൽ 1450000 രൂപയും 2016-17 വർഷിക പദ്ധതിയിൽ വിഹിതം നൽകൽ എന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി 2135500 രൂപയും വകയിരിത്തിയിട്ടുണ്ട്. (എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 3585331 രൂപ) | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4. വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവന നിർമ്മാണം (ഇഎംഎസ് ഭവന നിർമ്മാണം) | - | 6400000 | 900000 | 900000 | - | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1686 (ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3-8, 3-9) രൂപ ഈടാക്കിയിട്ടുണ്ട് .

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2013-14 | 3-1 | | |
| 2013-14 | 3-4 | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69248064 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78587366 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 198167 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6969569 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 1,59,300 | | ശ്രീ. വിനയകുമാർ, സെക്രട്ടറി |
| 3-3 | 38867 | 19433 | ശ്രീ. വേലായുധൻ എ കെ |
| | | 19434 | ശ്രീ. സനി എം നായർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 44000 | ശ്രീ. സനി എം നായർ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | 6421969 | ശ്രീ. വിനയകുമാർ, സെക്രട്ടറി |
| 3-5 | 504000 | ശ്രീ. വിനയകുമാർ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനയകുമാർ, സെക്രട്ടറി | സെക്രട്ടറി,<br>മരിയാപുരം ഗ്രാമപഞ്ചായത്ത് | |
| ശ്രീ. സനി എം നായർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ,<br>എൽ.എസ്സ് .ജി.ഡി, മൂന്നാർ ഡിവിഷൻ | പാലോളിക്കൽ വീട്,<br>മുരിക്കാശോരി പി ഒ,<br>ഇടുക്കി |
| ശ്രീ. വേലായുധൻ എ കെ | - | അശ്വതി ഭവനം,<br>എഴുവണ്ണ പി ഒ,<br>എരമല്ലം,<br>ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | |
| 2006-07 | എൽ എഫ് ഐ -9/152/09/8.2.10 | |
| 2007-08 | എൽ എഫ് ഐ -9/199/10.3.3.12 | |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | |
| 2011-12 & 2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | |
| 2013-14 &<br>2014-15 | കെ.എ.സ്സ്.എ.ഐ.ഡി.കെ -14/1262/15/28.3.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-14/1493/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി, തൊടുപുഴ
Ph: 04862-227332
E-mail-doidk.ksad@kerala.gov.in
തീയതി: 30.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-14/1493/2016

Kerala State Audit Department
District Audit Office,Idukki, Thodupuzha
Ph:04862-227332
E-mail-doidk.ksad@kerala.gov.in
Dated:30.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Devikulam Grama Panchayat in Idukki District for the year ended on 31.03.2016 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Devikulam Grama Panchayat for the year 2015-16, except the observations in my audit report, properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI